പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1816

06.07.2015-ൽ മറുപടിക്ക്

## സമുദ്രമത്സ്യ ലഭ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ സമുദ്രമത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; | (എ) | കേരളത്തിൽ സമുദ്രമത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) | സമുദ്രമത്സ്യത്തിന്റെ ലഭ്യത കുറയുന്നത് അശാസ്ത്രീയവും നിരോധിത മാർഗ്ഗങ്ങളിലൂടെയും ഉള്ള മത്സ്യബന്ധനം മൂലമാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് നിലനിറുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനാവശ്യമായ നടപടികൾ ശക്തമാക്കുമോ? | (സി) | നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. അനധികൃത മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കെ.എം.എഫ്.ആർ. ആക്ട്-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഇംപൗണ്ട് ചെയ്ത് 5,000/- രൂപ മുതൽ 50,000/- രൂപ വരെ പിഴ ഈടാക്കി വരുന്നുണ്ട്. കൂടാതെ നിയമ ലംഘനം ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യബന്ധന യാനവും യാനത്തിലെ മത്സ്യവും ഉൾപ്പെടെ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ